**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1273** **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ പ്രാബല്യത്തിലുള്ളതും കേരള പബ്ലിക് സർവീസ് കമ്മീഷൻ തയ്യാറാക്കിയതുമായ നേരിട്ടുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്കാണ് നാളിതുവരെ നിയമനം നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയുടെ ഇപ്പോൾ പ്രാബല്യത്തിലുള്ള പി എസ് സി റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 16 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങൾ നടത്തിയ ഒഴിവുകളുടെ സ്വഭാവം റിട്ടയർമെന്റ്, പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ ഒഴിവ്, പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക, മരണം എന്നിങ്ങനെ ഇനം തിരിച്ച് ക്രമത്തിൽ ലഭ്യമാക്കുമോ; | (ബി) | ആകെ ഒഴിവുകൾ സൃഷ്ടിക്കപ്പെട്ടത്<br>റിട്ടയർമെന്റ് - 8<br>പ്രൊമോഷൻ - 17<br>ഡെപ്യൂട്ടേഷൻ ഒഴിവ് - ഇല്ല<br>പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക - ഇല്ല<br>മരണംമൂലമുള്ള ഒഴിവ് - ഇല്ല<br>(ഇതിൽ 16 - പി എസ് സി, 9 - വകുപ്പിലെ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം) |
| (സി) | പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിനായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയുടെ 5 ഒഴിവുകൾ ഉണ്ട്. ഇവ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി 3 ഒഴിവുകൾ നിലവിൽ ഉണ്ട്. ഇവ പി എസ് സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയിൽ നിലവിൽ പി എസ് സി റാങ്ക് ലിസ്റ്റ് ഇല്ല. |

സെക്ഷൻ ഓഫീസർ